പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :2173 — 05/05/2017 ൽ മറുപടിയ്ക്ക്

# കശുവണ്ടി ഫാക്ടറികൾക്കായി നാടൻ തോട്ടണ്ടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.അനൂപ് ജേക്കബ്<br>ശ്രീ.അടൂർ പ്രകാശ്<br>ശ്രീ.കെ.എസ്.ശബരീനാഥൻ | ശ്രീമതി.ജെ.മെഴ്സിക്കുട്ടി അമ്മ<br>( മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കശുവണ്ടി ഫാക്ടറികളുടെ പ്രവർത്തനത്തിനായി നാടൻ തോട്ടണ്ടി വാങ്ങാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) | കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ ആറളം ഫാം എന്നിവിടങ്ങളിൽ ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുണ്ട്. ഇത് പ്രകാരം ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ട്. കൂടാതെ ഇ-ടെണ്ടർ വഴി നാടൻ തോട്ടണ്ടി പർച്ചേസ് ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിച്ചു വരുന്നു. |
| (ബി) | എങ്കിൽ എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകുക എന്ന ലക്ഷ്യം കൈവരിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) | പദ്ധതിയനുസരിച്ച് എവിടെ നിന്നാണ് നാടൻ തോട്ടണ്ടി വാങ്ങുന്നത് ; തോട്ടണ്ടിയുടെ വില | (സി) | കൃഷി വകുപ്പിന്റേയും പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പിന്റേയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ |

| | | | |
|---|---|---|---|
| | നിശ്ചയിക്കുന്നതെങ്ങനെയാണ്; വിശദമാക്കുമോ ; | | കാസർഗോഡ് ജില്ലയിലെ കാസർ ഗോഡ്, രാജപുരം,ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റിഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK),കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ ആറളം ഫാം എന്നിവിടങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംയുക്തമായി എടുത്തുവരുന്നു. കൂടാതെ ഇ-ടെണ്ടർ പ്രകാരം ലഭ്യമാകുന്ന തോട്ടണ്ടിയുടേയും ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിയുടേയും വില നിശ്ചയിക്കുന്നതിന് 30/01/2017 ൽ സ.ഉ. (കൈയ്യെഴുത്ത്) നം.07/2017/വ്യവ പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് ,പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് , ധനകാര്യ വകുപ്പ് പ്രതിനിധി,ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതാത് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷന്റേയും , കാപെക്സിന്റേയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുള്ളതാണ്.<br>ഇ-ടെണ്ടർ പ്രകാരം വാങ്ങുന്ന നാടൻ തോട്ടണ്ടിയുടെ വില നിശ്ചയിക്കുന്നത് ടെണ്ടറിൽ L1 വരുന്ന പാർട്ടി ഓഫർ ചെയ്യുന്ന നിരക്കിന്റെ അടിസ്ഥാനത്തിൽ ടി പാർട്ടിയുമായി നടത്തുന്ന നെഗോസിയേഷന്റെ കൂടി അടിസ്ഥാനത്തിലാണ്. |

സെക്ഷൻ ഓഫീസർ